**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 524** **17-09-2025 - ൽ മറുപടിയ്ക്ക്**

**സി & എ ജി യുടെ സംസ്ഥാനത്തെ മേഖലാ ഓഫീസുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സി & എ ജി യുടെ സംസ്ഥാനത്തെ മേഖലാ ഓഫീസുകൾ പ്രവർത്തനം അവസാനിപ്പിക്കുന്നതും തിരുവനന്തപുരത്തെ ആസ്ഥാന ഓഫീസിൽ ആവശ്യത്തിന് ജീവനക്കാരെ വിന്യസിക്കാത്തതും മൂലം സർക്കാർ ജീവനക്കാരുടെ വിവിധ സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിൽ സി & എ ജി പരാജയപ്പെടുന്നത് സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | ഈ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | സി & എ ജിയിൽ നിന്നും സമയബന്ധിതമായി സേവനങ്ങൾ ലഭിക്കാത്തതിനാൽ സംസ്ഥാനത്തെ വിവിധ സർക്കാർ ഓഫീസുകളിൽ നിരവധി ജീവനക്കാർക്ക് മാസങ്ങളായി ശമ്പളം ഉൾപ്പെടെയുള്ള അർഹതപ്പെട്ട ആനുകൂല്യങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യത്തിൽ, സർക്കാർ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ട് സി & എ ജി നൽകുന്ന സേവനങ്ങളും പരിശോധനകളും നടത്തുന്നതിന് അതാത് വകുപ്പുകളിൽ തന്നെ പ്രത്യേക ക്രമീകരണം ഏർപ്പെടുത്തുന്നതിന്റെ സാധ്യത ധനകാര്യ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) | ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |
| (സി) | ഓഡിറ്റ് ഉൾപ്പെടെയുള്ള നിരവധി പ്രധാനപ്പെട്ട ചുമതലകൾ നിർവഹിക്കേണ്ട സി & എ ജിയിൽ നിന്നും ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകളുമായി ബന്ധപ്പെട്ട കർത്തവ്യങ്ങൾ ഏറ്റെടുത്തു നടപ്പാക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (സി) | ഈ വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ